# ജാമക്കാരൻ
# JAMAKKARAN

VOLUME - 8 Reg NO.TNBIL/2016/70171 ISSUE - 10
OCTOBER - 2024 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427 - 2386464. www.jamakaran.com
Mob.: No. 9894261333

കർത്താവിൽ പ്രിയരെ,



നിങ്ങൾക്ക് എല്ലാവർക്കും എന്റെ സ്നേഹവന്ദനം. കഴിഞ്ഞ നാളുകളിൽ കണ്ണിലെ കൃഷ്ണമണിപോലെ നമ്മെ കാത്തുപരിപാലിച്ച ദൈവത്തിന് സ്തോത്രം.

പ്രത്യേക അറിയിപ്പ് നിങ്ങൾ വായിച്ച് എനിക്കുവേണ്ടി തുടർന്ന് പ്രാർത്ഥിക്കണം. ഈ മാസത്തെ മാസിക ജൂലായ് രണ്ടാമത്തെ ആഴ്ചയിൽ ആണ് എനിക്ക് എഴുതുവാൻ സാധിച്ചത്. അതിന്റെ കാരണം അടുത്ത പേജിൽ നിങ്ങൾക്കു വായിക്കുവാൻ കഴിയും. നിങ്ങൾ അയച്ച കാണിക്കകൾ എല്ലാം എനിക്ക് ലഭിച്ചിട്ടുണ്ട്. വളരെ ഉപകാരം. ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കട്ടെ.

ഡോ. പുഷ്പരാജ്

# OCTOBER - 2024

# ജാമക്കാരൻ വായനക്കാർക്ക് മാത്രം

കഴിഞ്ഞവർഷം, 2024 നവംബർ മാസം പതിവുപോലെ മലയാളം ജാമക്കാരൻ മാസിക തർജ്ജമയ്ക്കുവേണ്ടി തിരുവനന്തപുരത്ത് എത്തിച്ചേർന്നു. സ്റ്റേഷനിൽ നിന്നും ഞാൻ സ്ഥിരമായി താമസിക്കുന്ന ലോഡ്ജിലേക്ക് പോകുവാൻ 200 മീറ്റർ മാത്രമേ ഉള്ളൂ. ഞാൻ സ്റ്റേഷനിൽ നിന്നും പുറത്തേക്കു നടക്കുവാൻ ശ്രമിച്ചപ്പോൾ എനിക്ക് അതിനുകഴിഞ്ഞില്ല. ഇടയ്ക്ക് രണ്ടിടത്ത് നിന്നുനിന്നു ഞാൻ ലോഡ്ജിലേക്ക് നടന്നു. എനിക്ക് തലക്കറക്കം ഉണ്ടായി. പ്ലാറ്റ്ഫോമിന്റെ വശത്തുള്ള സ്ഥലത്ത് തറയിൽ ഞാൻ ഇരുന്നു. ഒടുവിൽ എങ്ങനെയോ ഒക്കെ ഞാൻ ലോഡ്ജിൽ എത്തി. മുറിയിൽകയറി കട്ടിലിൽ കിടന്നുകൊണ്ട് എനിക്ക് എന്താണ് സംഭവിച്ചത് എന്ന് ചിന്തിച്ചു. കട്ടിലിന്റെ താഴെനിലത്ത് ഞാൻ മുട്ടുകുത്തി കർത്താവേ, എനിക്ക് എന്താണ് സംഭവിച്ചത് എന്നു പ്രാർത്ഥിച്ചു വീണ്ടും എണീറ്റുനിന്നു. കാലിനു മരവിപ്പ് ഉണ്ടെന്ന് ഞാൻ അറിഞ്ഞു. കാലിനു താഴെ പാദത്തിന് അടിയിൽ മരവിപ്പ് ഉണ്ടായി. കാലിന്റെ അടിഭാഗം സ്പോഞ്ചിൽ നിൽക്കുന്നതുപോലെ എനിക്ക് അനുഭവപ്പെട്ടു. ഇൻബാലൻസ് ഉണ്ടായി. ഉടനെ ഞാൻ, ഇനിയും വെച്ചു താമസിക്കുവാൻ പാടില്ല, എന്തെങ്കിലും ചെയ്യണം എന്നു തീരുമാനിച്ചു.

ആയുർവേദ ചികിത്സ ചെയ്യണമെന്നുതോന്നി. ഒരു ഓട്ടോയിൽ കയറി. അവിടെ നിന്നും ത്രിവേണി നഴ്സിംഗ് ഹോമിൽ എത്തി. അവിടത്തെ സീനിയർ ഡോക്ടർ എന്നെ പരിശോധിച്ചു. ഇവിടെ നിന്നും നിങ്ങൾക്ക് സൗഖ്യം കിട്ടും. പക്ഷേ അതിന് ഒരു മണ്ഡലം ഇവിടെ കഴിയണം. ഞാൻ പറഞ്ഞു, അത്രയും

ദിവസമൊന്നും എനിക്കു ഇവിടെ താമസിക്കുവാൻ കഴിയുകയില്ല. വേണമെങ്കിൽ ഒരാഴ്ച ഇവിടെ താമസിക്കാം. എന്നാൽ, രാവിലെയും വൈകുന്നേരവും ചികിത്സ നടത്താം എന്നദ്ദേഹം പറഞ്ഞു. ഒന്ന്, ആയുർവേദചികിത്സ; രണ്ട്, അലോപ്പതി ചികിത്സ. അതോടൊപ്പം ഫിസിയോതെറാപ്പി. അങ്ങനെതന്നെ സമ്മതിച്ച് ഞാൻ അവിടെ കിടന്നു. രാവിലെ ഉഴിച്ചിൽ ചികിത്സ. ഉച്ചയ്ക്കുശേഷം ഫിസിയോതെറാപ്പി. നാലാമത്തെ ദിവസം തന്നെ എന്നെക്കൊണ്ട് എണീറ്റ് നടക്കുവാൻ സാധിച്ചു.

അവസാനദിവസം ആശുപത്രിബില്ല് എനിക്ക് തന്നു. ഒരു ലക്ഷത്തിലധികമായിരുന്നു ബില്ല്. അപ്പോൾ എന്റെ കയ്യിലുണ്ടായിരുന്ന തുക കൊടുത്തു. ബാക്കി 55,000/- രൂപ കൊടുക്കുവാൻ ഉണ്ടായിരുന്നു. ഞാൻ തിരുവനന്തപുരത്ത് ആശുപത്രിയിൽ കിടന്നത് തിരുവനന്തപുരത്ത് ഉള്ളവരെപ്പോലും അറിയിച്ചില്ല. സി.എസ്.ഐ. യിലും പെന്തെക്കോസ്തിലും, മാർത്തോമ്മ സഭയിലും എനിക്ക് പരിചയമുള്ള അനേകർ ഉണ്ടായിരുന്നു. അവരെല്ലാം അറിഞ്ഞാൽ ആശുപത്രിയിൽ വന്ന് തിരക്ക് കൂട്ടും. ഈ വിവരം ഞാൻ എന്റെ ഭാര്യയോട് ഫോണിൽ കൂടി അറിയിച്ചു. അവർ തന്റെ പെൻഷൻ ] W ¯ nÂ \ n¶ pw G Pay വഴി പണം എത്തിച്ചു. ദൈവത്തിന് സ്തോത്രം. ഒരാഴ്ച കഴിഞ്ഞ് ഞാൻ സേലത്തേക്ക് മടങ്ങി.

## CMC HOSPITAL (VELLORE)

വെല്ലൂർ സി.എം.സി. ആശുപത്രിയിൽ എന്റെ കുടുംബ സുഹൃത്തായ **Dr.Mukesh,** MD (HOD) എന്നെ ഫോണിൽ വിളിച്ച് വിവരങ്ങൾ ചോദിച്ചറിഞ്ഞു. ഒരാഴ്ച ഇവിടെ വന്ന് അഡ്മിറ്റായി രോഗ വിവരങ്ങൾ പരിശോധിച്ച് അറിയണം. അതിന്റെ ക്രമീകരണങ്ങളെല്ലാം ഇവിടെ ഞാൻ ചെയ്തുകൊള്ളാം എന്നു പറഞ്ഞു. അങ്ങനെ ഞാനും എന്റെ മകൻ ഡോ. സാമും അവിടെ പോയി, അവിടെ 80 വയസ്സിന് മുകളിൽ ഉള്ളവരെ ചികിത്സിക്കുന്ന പ്രത്യേക വാർഡിലെ ഒരു സ്പെഷ്യൽ മുറിയിൽ എന്നെ

കിടത്തി. അവിടെ വച്ച് ഓരോ രോഗത്തിന്റെയും സ്പെഷ്യലിസ്റ്റു കളായ ഡോക്ടർമാർ വന്ന് എന്നെ പരിശോധിച്ചു. പല പരിശോധനകൾക്കും എന്നെ വിധേയനാക്കി. അവസാനം എനിക്ക് 'ഡയബറ്റിക് ന്യൂറോപ്പതി' അതോടൊപ്പം 'വെർട്ടിഗോ' എന്നറിയപ്പെടുന്ന രോഗവും ഉണ്ടെന്ന് അറിയിച്ചു. വീടിന് പുറത്തേയ്ക്കൊന്നും പോകുവാൻ പാടില്ല, ഒറ്റയ്ക്ക് ഒരിടത്തും പോകുവാൻ പാടില്ല ഇങ്ങനെ കുറെ നിബന്ധനകൾ അവർ വച്ചു.



അവരുടെ നിബന്ധനകൾ എന്നെ ഞെട്ടിച്ചു. ഇന്ത്യയിലും വിദേശത്തും ഉള്ള എന്റെ എല്ലാ പ്രോഗ്രാമുകളും ഞാൻ ക്യാൻസൽ ചെയ്തു. കഴിഞ്ഞ 51 വർഷങ്ങളായി ഒരു ദിവസം പോലും വിശ്രമിക്കാതെ, മലകളിലും ആദിവാസികളുടെ ഇടയിലും വിശ്രമമില്ലാതെ കടന്നുപോയിരുന്ന എനിക്ക്, നാട്ടിലും വിദേശത്തുമായി സുവിശേഷം അറിയിച്ചുകൊണ്ടിരുന്ന എനിക്ക്, ഡോക്ടർമാരുടെ ഈ നിബന്ധന മാനസിക വിഷമത്തിന് കാരണമായി.

രണ്ടാഴ്ച എനിക്ക് പ്രാർത്ഥിക്കുവാനോ വേദപുസ്തകം വായിക്കുവാനോ കഴിഞ്ഞില്ല. അത് എന്നെ വളരെയധികം വേദനിപ്പിച്ച അനുഭവം തന്നെയായിരുന്നു. മറ്റുള്ളവരെ പ്രാർത്ഥനയിലൂടെയും ഉപദേശങ്ങളിലൂ ടെയും ആശ്വസിപ്പിച്ചിരുന്ന എനിക്ക്, സ്വയം ആശ്വസിക്കുവാൻ കഴിഞ്ഞില്ല. ഒടുവിൽ പരിശുദ്ധാത്മാവാണ് എന്നെ സഹായിച്ചത്. ഒരുദിവസം പെട്ടെന്ന് എണീറ്റ്,

വേദപുസ്തകം വായിക്കുവാൻ പരിശുദ്ധാത്മാവ് എന്നെ പ്രേരിപ്പിച്ചു. ഞാൻ വായിച്ച തിരുവചനങ്ങൾ എനിക്ക് ആശ്വാസം പകരുകയും അതിലൂടെ എന്റെ സമനില വീണ്ടെടുക്കുവാനും എനിക്കു കഴിഞ്ഞു. ദൈവത്തിന് സ്തുതി ഉണ്ടാകട്ടെ.

സി.എം.സി. ഹോസ്പിറ്റലിലെ എന്റെ ചികിത്സാചിലവ് ഒരുലക്ഷത്തിലും കവിഞ്ഞതായിരുന്നു. സി.എം.സി. യിലെ ഡോക്ടർമാരെല്ലാം എനിക്ക് പരിചയമുള്ളവരാണ്. ഓരോ ഡോക്ടർമാരും എന്റെ മുറിയിൽ വന്ന് അവരുടെ വിഷമങ്ങൾ പറഞ്ഞ് ഞങ്ങൾ ഒരുമിച്ച് പ്രാർത്ഥിച്ച് പിരിയുമായിരുന്നു. അങ്ങനെ പരിശോധിക്കുകയും ചികിത്സിക്കുകയും ചെയ്ത ഓരോ ഡോക്ടർമാരും, തങ്ങളുടെ കൺസൾട്ടിംഗ് ഫീസ് എനിക്ക് ഒഴിവാക്കി തന്ന് എന്നെ സഹായിച്ചു. അവർക്ക് എല്ലാവർക്കും എന്റെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. അതോടൊപ്പം സി.എം.സി. ഹോസ്പിറ്റലിലെ എല്ലാ നഴ്സുമാർക്കും സഹപ്രവർത്തകർക്കും ഹൃദയപൂർവം എന്റെ നന്ദി അറിയിക്കുന്നു.

എന്റെ മകൻ ഡോ. സാം അവർകൾക്കും എന്റെ പ്രത്യേക നന്ദി അറിയിക്കുന്നു. കാരണം, രണ്ടാഴ്ചയോളം തന്റെ പ്രാക്ടീസ് എല്ലാം ഒഴിവാക്കി എന്നോടൊപ്പം താമസിച്ച് എന്നെ ശുശ്രൂഷിച്ച എന്റെ മകനെയും എനിക്ക് ഓർക്കാതിരിക്കുവാൻ കഴിയില്ല. ഏതു രാത്രിയിലും വാഷ്റൂമിലും മറ്റും കൊണ്ടു പോയിരുന്നത് എന്റെ മകനാണ്. അതിന് ഞാൻ എത്ര നന്ദി പറഞ്ഞാലും മതിയാവുകയില്ല. പലപ്പോഴും രോഗത്തിന്റെ കാഠിന്യം നിമിത്തം, എന്നെ വാഷ്റൂമിൽ കൊണ്ടുപോയി എന്നെ കഴുകിവൃത്തിയാക്കി കിടക്കയിൽ കൊണ്ടുവന്ന് കിടത്തിയിരുന്നത് എന്റെ മകനായിരുന്നു. അവന്റെ ശുശ്രൂഷ എനിക്ക് ഏറെ ആശ്വാസം പകരുന്നതായിരുന്നു.

## എന്റെ കൺവെൻഷൻ ശുശ്രൂഷയുടെ അവസാനം

ദൈവവേലയിൽ ദൈവം എന്നെ ഏൽപിച്ച ദൗത്യത്തിലെ ഒരു ഭാഗമായ കൺവെൻഷൻ യോഗങ്ങൾ 2024 ഡിസംബർ മാസത്തിൽ ഞാൻ അവസാനിപ്പിച്ചു.

പക്ഷേ, മാസികയിലൂടെയുള്ള എന്റെ ശുശ്രൂഷ ഞാൻ അവസാനിപ്പിച്ചില്ല. അത് ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു. എല്ലാത്തിനും ഒരു അവസാനം ഉണ്ട് എന്ന് വേദപുസ്തകം പറയുന്നു.

1965 മുതൽ 2024 ഡിസംബർ മാസം വരെയുള്ള 59 വർഷക്കാലം ദൈവവേലയിൽ ഞാൻ ഓടിയ ഓട്ടത്തെ ഈ സമയം ഓർക്കുന്നു. ആഴ്ചയിൽ രണ്ടുദിവസം മാത്രമേ ഞാൻ വീട്ടിൽ ഉണ്ടാവുകയുള്ളൂ. ബാക്കി ദിവസങ്ങളിൽ ആദിവാസി മേഖലകളും മറ്റും കേന്ദ്രീകരിച്ചും കൺവെൻഷൻ യോഗങ്ങൾ ക്രമീകരിച്ചും ഞാൻ അഹോരാത്രം ദൈവവേലയിൽ വ്യാപൃതനായിരുന്നു. അതോടൊപ്പം മാസിക ശുശ്രൂഷ വഴിയും ഞാൻ സുവിശേഷവേലയിൽ ജാഗരൂകനായിരുന്നു. ജാമക്കാരൻ മാസികയിലൂടെ എന്നെ അറിയുകയും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും സാമ്പത്തികമായി എന്നെ സഹായിക്കുകയും ചെയ്ത എല്ലാ വായനക്കാർക്കും ദൈവ നാമത്തിലുള്ള പ്രത്യേക നന്ദി അറിയിക്കുന്നു. അതുപോലെ തന്നെ സഭകളിൽ (സി.എസ്.ഐ., പെന്തെക്കോസ്ത്, മാർത്തോമ, ലൂഥറൻ) എന്റെ കൺവെൻഷൻ യോഗങ്ങൾ ക്രമീകരിക്കുകയും അതിനായി എന്നെ ക്ഷണിക്കുകയും ചെയ്ത എല്ലാ സഭാശുശ്രൂഷകർക്കും ബിഷപ്പുമാർക്കും പാസ്റ്റർമാർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. സഭാവ്യത്യാസമില്ലാതെ എനിക്കുവേണ്ടി പ്രാർത്ഥിച്ച എല്ലാ സഭാവിശ്വാസികൾക്കും എന്റെ പ്രത്യേക നന്ദി അറിയിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ** **STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# ഗുപ്തമായ ദൈവീകസാന്നിദ്ധ്യം തിരിച്ചറിയുക

പുറപ്പാട് 3:2–4 "അവിടെ യഹോവയുടെ ദൂതൻ ഒരു മുൾപ്പടർപ്പിന്റെ നടുവിൽ നിന്ന് അഗ്നിജ്വാലയിൽ അവനു പ്രത്യക്ഷനായി. അവൻ നോക്കിയാറെ മുൾപ്പടർപ്പു തീപിടിച്ചു കത്തുന്നതും മുൾപ്പടർപ്പു വെന്തു പോകാതിരിക്കുന്നതും കണ്ടു. മുൾപ്പടർപ്പു വെന്തുപോകാതിരിക്കുന്ന ഈ വലിയ കാഴ്ച എന്തെന്നു ഞാൻ ചെന്നു നോക്കട്ടെ എന്നു മോശെ പറഞ്ഞു. നോക്കേണ്ടതിന് അവൻ വരുന്നത് യഹോവ കണ്ടപ്പോൾ ദൈവം മുൾപ്പടർപ്പിന്റെ നടുവിൽ നിന്ന് മോശേ.... മോശേ എന്ന് വിളിച്ചു".

മോശെ ഹോരേബ് പർവ്വതത്തിൽ 40 വർഷങ്ങളായി പോയി വരുന്നു. പല പ്രാവശ്യവും ആടുകളെ മേയ്ക്കുവാനാണ് അവൻ പോയിട്ടുള്ളത്. ആ മലയുടെ ഓരോ ഭാഗവും അവന് നല്ല നിശ്ചയമുള്ളതാണ്. പക്ഷേ, അന്നത്തെ ദിവസം വ്യത്യസ്തമായ ഒരു കാര്യം അവിടെ സംഭവിച്ചു. ഉഷ്ണകാലത്ത് ഉണങ്ങിയ ചെടികളും മരങ്ങളും പരസ്പരം ഉരഞ്ഞ് തീ കത്തുന്നത് സ്വാഭാവികമാണ്. അതിൽ അതിശയിക്കുവാനും ഒന്നുമില്ല. എന്നാൽ ഇവിടെ സംഭവിച്ചത്, തീ കത്തുന്നു എങ്കിലും ഈ മുൾപ്പടർപ്പിന് ഒന്നും സംഭവിക്കുന്നില്ല എന്നതാണ് മോശെയ്ക്കുണ്ടായ ആശ്ചര്യം. അതെന്താണെന്ന് അറിയുവാനാണ് മോശെ ആ മുൾപ്പടർപ്പിന് അടുത്തേയ്ക്ക് പോയത്. ആ മുൾപ്പടർപ്പിനു പുറകിൽ ദൈവം ഉണ്ടായിരിക്കുമെന്ന് മോശെ സ്വപ്നത്തിൽ പോലും ചിന്തിച്ചില്ല.

നമ്മുടെ ജീവിതത്തിൽ പല സന്ദർഭങ്ങളിലും ദൈവത്തിന്റെ സാമീപ്യം ഉണ്ടായിട്ടുണ്ട്. പല രൂപങ്ങളിലും പല സംഭവങ്ങളിലും ദൈവീകസാന്നിദ്ധ്യം നമ്മോടുകൂടെ ഉണ്ടായിരുന്നിട്ടുണ്ട്. പക്ഷേ നമുക്ക് ആ ദൈവീകസാന്നിദ്ധ്യം / സാമീപ്യം തിരിച്ചറിയുവാൻ കഴിയാതെ പോയി. ഒരു വ്യക്തിയുടെ ജീവിതത്തിൽ, ആ ദൈവീക സാന്നിദ്ധ്യം തിരിച്ചറിയുമ്പോൾ അവൻ അനുഗ്രഹിക്കപ്പെട്ടവനാകും. നമ്മുടെ ജീവിതത്തിലും നടക്കുന്ന ഓരോ സംഭവത്തിലും ദൈവീകസാന്നിദ്ധ്യം തിരിച്ചറിയുന്ന ഒരു വ്യക്തി തന്റെ ജീവിതത്തെ ദൈവകരങ്ങളിൽ സമർപ്പിക്കുന്നതിനും മടികാണിക്കുകയില്ല. "എളിയവനോടു കൃപ കാട്ടുന്നവൻ യഹോവയ്ക്കു വായ്പ കൊടുക്കുന്നു" (സദൃ. 19:17) എന്നു വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ വചനത്തിൽ യഹോവ നമ്മുടെ സമീപസ്ഥനാണെന്ന സത്യം അടങ്ങിയിരിക്കുന്നു.

ആവശ്യഭാരങ്ങളോടെ തന്നെ സമീപിക്കുന്നവരോട് മദർതെരേസ ദൈവത്തെയും അവരുടെ ശുശ്രൂഷയെയും ഓർമ്മപ്പെടുത്തിയിരുന്നു. വേദപുസ്തകം വായിക്കുമ്പോൾ അനേകം വ്യക്തികൾ യേശുവിനെ ഉരസിക്കൊണ്ട് നിന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഈ വ്യക്തികളാരും തന്നെ യേശുവിനെ മനസ്സിലാക്കിയില്ല. ഈ തെറ്റ് നാം ഒരിക്കലും ചെയ്യുവാൻ പാടില്ല. നമ്മുടെ ജീവിതത്തിൽ നാം, ജോലിക്കു പോകുമ്പോഴും മടങ്ങിവരുമ്പോഴും, ജോലിക്കിടയിലും വ്യത്യസ്ത വ്യക്തികളെ കാണുമ്പോഴും എവിടെയെങ്കിലും നമ്മുടെ ദൈവം മറഞ്ഞിരിക്കുന്നുണ്ടാകും. എന്നാൽ നമുക്ക്, അടയാളങ്ങൾ കണ്ട് ദൈവത്തെ അറിയുവാൻ കഴിയണം. അതിനുവേണ്ട പരിശീലനവും നടത്തണം. നമ്മുടെ ദൈവത്തെ ആരാധിക്കുവാൻ നാം പള്ളികളിൽ പോകാറുണ്ട്. ദൈവം സംസാരിക്കുന്നത് നാം അവിടെ കേൾക്കാറുണ്ട്. എന്നാൽ ആരാധന കഴിഞ്ഞ ഉടനെത്തന്നെ നമ്മുടെ ഭവനങ്ങളിൽ മടങ്ങി വരുമ്പോൾ ഇനി അടുത്ത ആഴ്ചയിൽ വീണ്ടും കാണാം എന്ന് ബൈ ബൈ പറയുമ്പോൾ നാം ചെയ്ത ആ പ്രവൃത്തി ശരിയല്ലല്ലോ? ആരാധന കഴിഞ്ഞ് പള്ളിയിൽ നിന്നും പുറത്തുവരുമ്പോൾ, ദൈവം പുറത്തുവന്ന് ശല്യം ചെയ്യുന്നില്ലല്ലോ എന്നു നാം ചിന്തിക്കുന്നു. പക്ഷേ, വാസ്തവത്തിൽ നാം ആരാധന കഴിഞ്ഞ് വീട്ടിലേയ്ക്ക് തിരിക്കുമ്പോഴാണ് യഥാർത്ഥ ആരാധന ആരംഭിക്കുന്നത് എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം. നമ്മുടെ ദൈവത്തെ എല്ലാ സ്ഥലങ്ങളിലും തൊഴുന്ന കാലമാണിത്. എന്നാൽ നാം വീടിനു പുറത്തും, വീടിനകത്തും, ജോലി സ്ഥലങ്ങളിലും, യാത്രകളിലും, നാം പോകുന്ന സ്ഥലങ്ങളിലും എല്ലാം ദൈവത്തെ അറിയുന്നവർ ആയിരിക്കണം.

ഈ മാസത്തെ ചിന്താവിഷയത്തിൽ, നമ്മുടെ ജീവിതത്തിൽ പല സന്ദർഭങ്ങളിലും ദൈവം എങ്ങനെ നമ്മോട് ഇടപെടുന്നു, അവനെ നാം എങ്ങനെ തിരിച്ചറിയാൻ കഴിയും, ആ സന്ദർഭങ്ങളിൽ നാം എങ്ങനെ ആയിരിക്കണം എന്നത് നമുക്ക് ചിന്തിക്കാം.

1. മത്താ. 14:26 : യേശു കടലിന്മേൽ നടന്നു വന്നപ്പോൾ അവന്റെ ശിഷ്യന്മാർ ഭൂതം എന്നുപറഞ്ഞ് നിലവിളിച്ചു.
2. ലൂക്കോ. 24:13 : എമ്മാവൂസിലേക്ക് നടന്നുപോയ ശിഷ്യന്മാർ യേശുവിനെ അതിഥിയായി കണ്ടു.
3. പുറ. 3:3 : ഹോരേബ് പർവ്വതത്തിൽ മുൾപ്പടർപ്പിനു തീപിടിച്ചത് എന്താണെന്ന് അറിയുവാൻ അടുത്തുപോയ മോശെ.
4. യോഹ. 4:25 : കിണറിനരികിൽ യേശുവിനെ സന്ദർശിച്ച സ്ത്രീ യേശു മിശിഹ എന്നുതിരിച്ചറിഞ്ഞു.

5. യോഹ. 20:14 : ഉയർത്തെഴുന്നേറ്റ യേശുവിനെ കല്ലറയിൽ കണ്ട മറിയ.

ഇവയെല്ലാം ഓരോന്നായി നമുക്ക് ചിന്തിക്കാം

**1. കടലിന്മേൽ നടന്നുവന്ന യേശു :**

യേശു കടലിന്മേലെ നടന്നുവരുന്നത് കണ്ട് ശിഷ്യന്മാർ ഞെട്ടിപ്പോയി. ഇത് ഒരു ഭൂതം എന്നുപറഞ്ഞ് നിലവിളിച്ചു. അപ്പോൾ യേശു, ഞാൻ തന്നെ, നിങ്ങൾ ധൈര്യപ്പെടുവിൻ എന്നു പറഞ്ഞു.

ദൈവത്തെ ദൈവമായി അടയാളപ്പെടുത്താത്തതു സാരമില്ല. പക്ഷേ, ശിഷ്യന്മാർ ദൈവത്തെ ഭൂതം ഭൂതം എന്നു പറയത്തക്കവണ്ണം അവരുടെ ഊഹം വളരെ തെറ്റായി മാറുന്നു. ഇതിനു മുഖ്യകാരണം, അവരുടെ ഉള്ളിൽ ഉണ്ടായിരുന്ന ഭയം തന്നെയാണ്. ഒരു മനുഷ്യന്റെ ഉള്ളിൽ ഭയം തോന്നിയാൽ അവന് വെളിച്ചം പോലും ഇരുട്ടായിട്ട് തോന്നും. ഇറക്കം കയറ്റമായും, കയറ്റം ഇറക്കമായും, ദൈവം പിശാചായും, പിശാച് ദൈവമായും അവരുടെ കണ്ണുകൾ ദർശിക്കുന്നു. ഈ വ്യത്യാസങ്ങളെ മനസ്സിലാക്കി വചനത്തിൽ വളരുവാൻ ശ്രമിക്കണം.

അഞ്ച് അപ്പവും രണ്ടു മീനും കൊണ്ട് ദൈവം 5000 പേരെ പരിപോഷിപ്പിച്ചു. ഈ അത്ഭുതത്തിന്റെ അവസാനം യേശു ശിഷ്യന്മാരേയും ജനങ്ങളെയും ധൃതിയിൽ പടകിൽ കയറ്റി തിരിച്ചയച്ചു. ഇത്രയും ധൃതി കാണിക്കുവാനുള്ള കാരണം, യേശുക്രിസ്തുവിന് പ്രാർത്ഥിക്കേണ്ടതായ സമയം അടുത്തുവന്നു. അവൻ ഒറ്റയ്ക്കിരുന്നു പ്രാർത്ഥിക്കേണ്ടതിനായി മലയിലേക്കു കയറി. അവിടെയിരുന്നു എത്രനേരം പ്രാർത്ഥിച്ചു എന്നുള്ളത് വേദപുസ്തകത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. തീർച്ചയായും നമുക്ക് ഊഹിക്കാൻ സാധിക്കും, രാത്രി 9 മണി തുടങ്ങി അതിരാവിലെ 4 മണിവരെ പ്രാർത്ഥിച്ചിരിക്കും എന്നു ഞാൻ ഊഹിക്കുന്നു. ഈ പ്രാർത്ഥന കഴിഞ്ഞശേഷമാണ്, താൻ പടകിൽ കയറ്റി അയച്ച ശിഷ്യന്മാരെ സന്ദർശിക്കുവാൻ യേശു കടലിന്മേൽ നടന്നത്. ഈ സംഭവങ്ങൾക്ക് അല്പം മുമ്പാണ് യോഹന്നാൻ സ്നാപകൻ കൊല്ലപ്പെട്ട വിവരം ശിഷ്യന്മാരിലൂടെ യേശു അറിഞ്ഞത്. ഈ വാർത്തകൾ യേശു ക്രിസ്തുവിനെ മാനസികമായി തളർത്തിയിരിക്കാം. മത്തായി 14:13 –ൽ നാം ഇങ്ങനെ വായിക്കുന്നു, **"അതു കേട്ടിട്ടു യേശു അവിടം വിട്ടു പടകിൽ കയറി നിർജനമായൊരു സ്ഥലത്തേക്കു വേറിട്ടു വാങ്ങിപ്പോയി"**. എന്നാലും ജനങ്ങൾ അവനെ തേടി വന്നതുകൊണ്ട് യേശു

അവരോടു മനസ്സലിഞ്ഞു, അവരെ സൗഖ്യമാക്കേണ്ടതിനായി ഇറങ്ങിവന്നു. 23-ാം വചനത്തിൽ, **"അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ടു പ്രാർത്ഥിപ്പാൻ തനിയെ മലയിൽ കയറിപ്പോയി. വൈകുന്നേരം ആയപ്പോൾ ഏകനായി അവിടെ ഇരുന്നു"** എന്ന് എഴുതിയിരിക്കുന്നു. യേശു അന്നുരാത്രി മുഴുവൻ പ്രാർത്ഥിച്ചു എന്നും നാം വായിക്കുന്നു. ഈ പ്രാർത്ഥന കഴിഞ്ഞ ശേഷമാണ് യേശു പടകിൽ അകപ്പെട്ടുപോയ ശിഷ്യന്മാരെ സന്ദർശിക്കുവാൻ കടന്നുവന്നത്. നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങൾ തിരമാലയും കൊടുങ്കാറ്റുമായി ആഞ്ഞടിക്കുമ്പോൾ നമ്മുടെ അരികിലുള്ള യേശുവിനെ തിരിച്ചറിയുവാൻ വൈകിപ്പോകുന്നു.

**നമ്മുടെ വിശ്വാസം ദൈവത്തിൽ ഉറപ്പിക്കപ്പെടുന്നതുവരെ നമ്മുടെ പ്രശ്നങ്ങളാകുന്ന കടൽത്തിരകളിൽ കൂടെ നാം നടന്നുതന്നെ ആകണം.**

ഇതേ സംഭവത്തെ മറ്റൊരു സുവിശേഷത്തിൽ വായിക്കുമ്പോൾ, യേശു കടലിന്മേൽ നടന്നുവരുന്നത് ദൂരത്തു നിന്നുതന്നെ യേശുവിന്റെ പ്രിയ ശിഷ്യനായ യോഹന്നാൻ തിരിച്ചറിയുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. 1 യോഹ. 4:18 -ൽ **ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു** എന്ന് എഴുതിയിരിക്കുന്നു. അതുകൊണ്ടാണ് ദൂരത്തുനിന്നു വരുന്നത് യേശു തന്നെയെന്ന് യോഹന്നാന് തിരിച്ചറിയുവാൻ സാധിച്ചത്. നമ്മുടെ ഭവനങ്ങളിൽ സ്ത്രീകൾക്ക് ഒരു പ്രത്യേകത ഉണ്ട്. തന്റെ ഭർത്താവ് എത്ര ദൂരത്തിൽനിന്നു നടന്നുവന്നാലും, എത്ര തിരക്കിനിടയിലും ഭർത്താവിന്റെ അടയാളം മനസ്സിലാക്കുവാൻ കഴിയും. അതുകൊണ്ടു തന്നെ നാം യേശുവിനോട് പൂർണ്ണ സ്നേഹം കാണിക്കുമെങ്കിൽ അവൻ നമുക്കു മുൻപായി വരുന്നത് പെട്ടെന്ന് കാണുവാൻ സാധിക്കും.

ഇതു വായിക്കുന്ന നിങ്ങളും, നിങ്ങളുടെ ജീവിതപടകിൽ യാത്ര ചെയ്യുമ്പോൾ പ്രതികൂലങ്ങളാകുന്ന കൊടുങ്കാറ്റിൽ അകപ്പെട്ടിരിക്കാം. ചുറ്റിലും ഇരുട്ട് വ്യാപരിച്ചിട്ടുണ്ടായിരിക്കാം. നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ മൂന്നാം മണിനേരത്തിൽ ആയിരിക്കാം. നിങ്ങളുടെ കുടുംബപ്രശ്നങ്ങളാൽ നിങ്ങൾ ഭാരപ്പെട്ടിരിക്കാം. എങ്കിലും ഭയപ്പെടരുത്. നിങ്ങളുടെ പ്രശ്നങ്ങൾക്ക് നടുവിൽ യേശുക്രിസ്തു കടന്നു വരുന്നത് നോക്കിക്കൊൾവിൻ. നിങ്ങൾ ഏതു പ്രശ്നങ്ങളായിട്ടാണ് ഭാരപ്പെടുന്നത്. ആ പ്രശ്നങ്ങിന്മേൽ ജയാളിയായി യേശുക്രിസ്തു കടന്നു വരും. യേശുക്രിസ്തു നടന്നു വരുന്നത് മറ്റെല്ലാ

ശിഷ്യന്മാരും നോക്കി കണ്ടു. പക്ഷേ പത്രോസിനു മാത്രം, കർത്താവിന് കടലിന്മീതെ നടക്കുവാൻ കഴിയുമെങ്കിൽ അവന്റെ ശിഷ്യനായ അതേ കടലിനു മീതെ നടക്കാൻ പറ്റും എന്ന ചിന്ത ചോദ്യചിഹ്നമായി മാറി. കൂടെ ഉണ്ടായിരുന്ന മറ്റു ശിഷ്യന്മാർക്കൊന്നും തന്നെ ഇങ്ങനെ ചിന്തിക്കുവാൻ മനസ്സിൽപ്പോലും തോന്നിയില്ല. അപ്പോൾ പത്രോസ് യേശുവിനെ നോക്കി, കർത്താവേ ഞാനും കടലിന്മേൽ നടക്കട്ടെയോ എന്നു ചോദിച്ചു. അതിന് നിനക്കും നടക്കാം എന്നു യേശു പറഞ്ഞു. ഇതുകേട്ട പത്രോസ് ധൈര്യമായി, പടകിൽനിന്നും കടലിലേക്ക് ചാടി. അൽപദൂരം നടന്നു.

ഇതു വായിക്കുന്ന നിങ്ങളുടെ ജീവിതത്തിലും പ്രശ്നങ്ങളുടെ നടുവിൽ പെട്ട്, ചില തീരുമാനങ്ങൾ എടുക്കുവാൻ സാധിക്കാതെ വിഷമത്തിൽ ആയിരിക്കുന്നുവോ? എങ്കിൽ ഇപ്പോൾ നിങ്ങളുടെ ജീവിതത്തിൽ ചില തീരുമാനങ്ങൾ എടുക്കേണ്ടതായ സമയം അടുത്തു വന്നിരിക്കുകയാണ്. പത്രോസിനെപ്പോലെ ധൈര്യമായി ചാടി കുതിക്കുവാൻ ശ്രമിക്കണം. കടലിൽ ചാടിയ പത്രോസ് കുറച്ചു ദൂരം കടലിന്മേൽ നടന്നുവെന്ന് നാം വായിക്കുന്നു. യേശുവിനെ നോക്കി കൊണ്ട് നടന്നപ്പോൾ അവന് അത് സാധിച്ചു. എപ്പോൾ അവൻ കൊടുങ്കാറ്റും തിരമാലയും കണ്ടുവോ അപ്പോൾ തന്നെ അവൻ കടലിൽ മുങ്ങുവാൻ തുടങ്ങി.

അതേ നമ്മുടെ വിശ്വാസം ദൈവത്തിന്മേൽ ഉറപ്പിക്കുന്നതുവരെ നമ്മുടെ പ്രശ്നങ്ങൾ എന്നുപറയുന്ന കടലിന്മേൽ നടക്കുവാൻ സാധിക്കും. പക്ഷേ നമ്മുടെ വിശ്വാസം, പ്രത്യാശ, നമ്മുടെ ശ്രദ്ധ എല്ലാം മറ്റൊരിടത്തേക്കു തിരിയുമ്പോൾ നമ്മുടെ പ്രശ്നങ്ങൾ നമ്മിൽ നടക്കുവാൻ തുടങ്ങും. പ്രശ്നങ്ങൾക്കുള്ളിൽ നാം മുങ്ങിപ്പോകും.

**കടലിന്മേൽ – പ്രശ്നങ്ങൾക്കുമേൽ നടക്കുന്നത് എങ്ങനെ?**

21–ാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്ക് ഒരുപക്ഷെ, വെള്ളത്തിന്റെ മീതെ നടക്കേണ്ട ആവശ്യം ഇല്ലായിരിക്കാം. നമ്മുടെ ജീവിതത്തിൽ പല പ്രശ്നങ്ങളും കടൽത്തിരപോലെ ആഞ്ഞടിക്കുന്നുണ്ടാകും. എന്നാൽ ഇന്ന് ആ പ്രശ്നങ്ങളെയെല്ലാം അതിജീവിച്ച് കഴിയുന്നത് കടലിന്മേൽ നടക്കുന്നതിനുതുല്യം. ഇന്ന് നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന പ്രതികൂല സാഹചര്യങ്ങളിൽ നിന്നും അതിജീവിക്കുവാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. നമ്മുടെ പ്രശ്നങ്ങൾക്കുമീതെ നാം നടക്കുന്നത് എങ്ങനെ?

ആദ്യമായി നമുക്ക് ഒരു പ്രശ്നം വന്നാൽ അതിനെ കണ്ട് നാം ഒരിക്കലും ഭയപ്പെടുവാൻ പാടില്ല. രണ്ടാമതായി, ആ പ്രശ്നങ്ങളെ അതിജീവിച്ച് പുറത്തു വന്നു കഴിയുമ്പോൾ, നമുക്കു നേരിട്ട പ്രശ്നങ്ങളെ ഒരു അതിഥിയായി കാണണം. ചിലപ്പോൾ പ്രശ്നങ്ങൾക്കുകാരണം നിങ്ങൾ തന്നെ ആയിരിക്കാം. മനോബലത്തോടെ നിങ്ങൾ ആ പ്രശ്നങ്ങളിൽ നിന്നു പുറത്തുവരുമ്പോൾ മാത്രമേ, ആ ജോലി പൂർത്തീകരിക്കുവാൻ നിങ്ങളുടെ തലച്ചോറ് പ്രവർത്തിക്കുകയുള്ളൂ. ആ പ്രശ്നങ്ങളെ നാം എങ്ങനെ അഭിമുഖീകരിക്കണം, അതിനുള്ള പരിഹാരം എന്താണ് എന്ന് ആലോചിച്ച് തീരുമാനം എടുക്കുവാൻ കഴിയും.

ദാവീദിന്റെ ജീവിതത്തിൽ, 1 ശമുവേൽ 30–ാം അധ്യായത്തിൽ, ദാവീദും 800 പടയാളികളും ഒരു വലിയ പ്രതിസന്ധിയിൽ ആയത് നമുക്കു കാണുവാൻ കഴിയും. അവർ വീട്ടിൽ ഇല്ലായിരുന്നപ്പോൾ കൊള്ളക്കാർ വന്ന് അവരുടെ ഭാര്യമാരെയും മക്കളെയും ബന്ദികളാക്കി, വീടുകൾ കൊള്ളയടിച്ച് കത്തിച്ചുകളഞ്ഞതായി നാം വായിക്കുന്നു. ദാവീദും കൂട്ടരും മടങ്ങി വന്ന് ഇതെല്ലാം കണ്ട് തലയിൽ മണ്ണുവാരിയിട്ട് നിലവിളിച്ച് കരഞ്ഞു. അങ്ങനെയുള്ള സാഹചര്യത്തിൽ ദാവീദ് എന്തുചെയ്തു എന്നത് നാം ശ്രദ്ധിക്കണം.

**പ്രശ്നങ്ങൾക്കുമീതെ നിൽക്കുവാൻ പരിചയപ്പെടണം. പ്രശ്നങ്ങളുടെ കാലടിയിൽ നിങ്ങളെ നിർത്താതെ നിങ്ങളുടെ കാലടിയിൽ പ്രശ്നങ്ങളെ നിർത്തണം.**

ദാവീദ് കരഞ്ഞു കൊണ്ടു നില്ക്കുന്ന കൂട്ടുകാരുടെ മദ്ധ്യത്തിൽ നിന്നും പുറത്തുവന്ന് ദൂരത്തു നിൽക്കുന്നു. കരഞ്ഞു വിലപിക്കുന്നവരുടെ വിടുതലിനായി നാമും അവരുടെ നടുവിൽ നിന്നും മാറി നില്ക്കണം. ദാവീദ് മാറി നിന്ന് തങ്ങളുടെ ഭാര്യമാരേയും മക്കളെയും കൊള്ളക്കാരുടെ കൈകളിൽ നിന്നും എങ്ങനെ രക്ഷിക്കാം എന്നു ചിന്തിക്കുവാൻ തുടങ്ങി. അതിന്, ആദ്യം കൊള്ളക്കാരെ കണ്ടു പിടിക്കണം. അതിനായി ദാവീദ് ആദ്യം ചെയ്തത്, ദൈവസന്നിധിയിൽ പോയി ദൈവത്തോട് ആലോചന ചെയ്തു എന്നതാണ്. അതിനുശേഷം വില്ലിൽ നിന്നും പുറപ്പെടുന്ന അമ്പിന്റെ വേഗതയിൽ കൊള്ളക്കാരെ കണ്ടുപിടിക്കുകയും അവരെ നശിപ്പിച്ച് ബന്ദികളായിരുന്ന എല്ലാവരേയും വിടുവിച്ചു. കടലിന്മേൽ നടക്കുവാൻ പത്രോസിനെ വിളിച്ച യേശു അതിനായി നമ്മെയും വിളിക്കുന്നു. നമ്മുടെ പ്രശ്നങ്ങളാകുന്ന വെള്ളത്തിൻമീതെ നാം നടക്കണം. ഇതാണ് യേശുവിനോടൊപ്പം കടലിന്മേൽ നടക്കുന്നതിനെ അർത്ഥമാക്കുന്നത്.

നിങ്ങൾ പ്രശ്നങ്ങൾക്കുകീഴെ നിൽക്കരുത്. പ്രശ്നങ്ങൾക്കുമേലെ നിൽക്കുവാൻ പരിചയപ്പെടണം. ഒരു താമര വെള്ളത്തിന്റെ മേലെ തല പൊക്കി നിൽക്കുന്നതുപോലെ നിൽക്കുവാൻ പഠിക്കുവിൻ. യേശുവിനെ മാത്രം നോക്കി ജീവിക്കുവാൻ പഠിക്കുവിൻ.

### എമ്മാവൂസിലേക്ക് പൊയ്ക്കൊണ്ടിരുന്ന ശിഷ്യന്മാർ

അന്ന് എമ്മാവൂസിലേക്ക് തമ്മിൽ തമ്മിൽ സംസാരിച്ചു കൊണ്ടു പോയപ്പോൾ യേശുവും അവരോടൊപ്പം ചേർന്നുനടന്നു. യേശുവോടൊപ്പം നടന്നുവെങ്കിലും യേശുവാണെന്ന് തിരിച്ചറിയുവാൻ അവർക്കു കഴിഞ്ഞില്ല (ലൂക്കോ. 24:15–16). ഈ രണ്ടു ശിഷ്യന്മാരോടൊപ്പം മൂന്നാമനായി യേശു നടന്നുകൊണ്ടിരുന്നു. ഏകദേശം 4 മൈലോളം ദൂരം യേശുവും അവരോടൊപ്പം നടന്നിരുന്നു. അങ്ങനെയെങ്കിൽ 6 കിലോമീറ്ററോളം ദൂരം താണ്ടുവാൻ ഒരു മണിക്കൂർ സമയമെങ്കിലും എടുത്തുകാണും. ഉയർത്തെഴുന്നേറ്റ യേശുവിനോട് ഒരു മണിക്കൂറോളം അവർ മുഖാമുഖമായി സംസാരിച്ചു. പക്ഷേ, ഇവരിൽ ഒരാൾക്കു പോലും യേശുക്രിസ്തുവിനെ തിരിച്ചറിയുവാൻ സാധിച്ചില്ല. യേശുവുമായുള്ള സംഭാഷണത്തിലോ, ശരീരത്താലോ, രൂപത്താലോ ഒന്നും അവർക്ക് യേശുവിനെ മനസ്സിലാക്കുവാൻ സാധിച്ചില്ല. വാസ്തവത്തിൽ മന്ദബുദ്ധികളെ എന്ന് വിളിച്ച് അവരെ ശാസിച്ചത് വളരെ ശരിയാണ്. നമ്മുടെ ജീവിതയാത്രയിൽ പല സന്ദർഭങ്ങളിലും യേശുക്രിസ്തു നമ്മോടുകൂടെ യാത്ര ചെയ്തിരിക്കുന്നു. പക്ഷേ, നാമും അവനെ തിരിച്ചറിയാതെ പോയിരിക്കുന്നു. നമ്മുടെ ക്ഷീണാവസ്ഥയിൽ, മാനസിക വിഷമങ്ങളിൽ, ജീവിതപരാജയങ്ങളിൽ നമ്മെ മനസ്സിലാക്കുന്ന കർത്താവ് പല രൂപത്തിൽ വന്നിട്ടുണ്ട്. പക്ഷേ നാമത് മനസ്സിലാക്കിയില്ല. നാം കേട്ട പല പ്രസംഗങ്ങളിലൂടെയും നമുക്കു മനസ്സിലാക്കാൻ കഴിയാത്ത വചനങ്ങളെ മറ്റുള്ളവർ മുഖേന നമുക്കു വിവരിച്ചു തന്നിരിക്കുന്നു. നാം തന്നെ അതിനെ മനസ്സിലാക്കാതെ മന്ദബുദ്ധികളായി തീർന്നിരിക്കുന്നു.

അന്ന് എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരോട് യേശു ഇടപെട്ടതു പോലെ ഈ 21–ാം നൂറ്റാണ്ടിൽ യേശു ശരീരത്തോടെ നമ്മുടെ അടുക്കൽ വന്ന് ഇടപെടുകയില്ല. പക്ഷേ, അവൻ നമ്മോട് സംസാരിക്കുവാൻ ആഗ്രഹിക്കുന്നത്, മറ്റാരെങ്കിലും വഴി നമ്മോട് സംസാരിക്കും. ആരാധനയിൽ വചനഘോഷണങ്ങളിലൂടെയോ, ക്രിസ്തീയ മാസികകളിലൂടെയോ, ചില സമയങ്ങളിൽ കഴുത മുഖേനയും സംസാരിക്കും. പക്ഷേ അങ്ങനെ നമ്മോട്

സംസാരിക്കുമ്പോൾ അവിടെയും നാം യേശുവിനെയാണ് തിരിച്ചറിയേണ്ടത്. ചെവിയുള്ളവൻ കേൾക്കട്ടെ എന്നുള്ള യേശുക്രിസ്തുവിന്റെ വാക്കുകളുടെ ശരിയായ അർത്ഥം ഇതുതന്നെയാണ്. കർത്താവേ, നീ അടിയനോടു സംസാരിക്കണം, ഞാൻ കേൾക്കുന്നു എന്ന് ശമുവേൽ ബാലൻ പറഞ്ഞതുപോലെ നാം കേൾക്കുവാൻ തയ്യാറാകണം. ഇസബേൽ രാജ്ഞി പേടിപ്പിച്ചതുകൊണ്ട് ഭയന്ന് ഓടിയ ഏലിയാവ് മനസ്സ് തകർന്ന് ചൂരച്ചെടിയുടെ തണലിൽ ഇരുന്നു. ഇതു ശ്രദ്ധിച്ച ദൈവം ഒരു ദൈവദൂതൻ വഴിയായി അപ്പവും വെള്ളവും നൽകി അവനെ ആശ്വസിപ്പിച്ചു (1 രാജാ. 19:4). അത് കഴിച്ചശേഷം വീണ്ടും അവൻ കിടന്നുറങ്ങി. ഈ സമയത്തിൽ അവന്റെ മനവിഷമം മാറിയിട്ടില്ലായെന്ന് സൂചിപ്പിക്കുന്നതാണ്. തനിക്ക് അപ്പവും വെള്ളവും അയച്ചു തന്നത് ദൈവമാണെന്ന് മനസ്സിലാക്കുവാൻ അവൻ വൈകിപ്പോയി. എമ്മാവൂസിലേക്ക് പോയ ശിഷ്യൻമാർ, തങ്ങളോടൊപ്പം സഞ്ചരിച്ചത് ഉയർത്തെഴുന്നേറ്റ യേശുവാണെന്ന് തിരിച്ചറിയുവാൻ വൈകിപ്പോയി. നേരത്തെ അവർ മനസ്സിലാക്കിയിരുന്നുവെങ്കിൽ അവരുടെ മനസ്സിന്റെ ചഞ്ചലത വൈകുന്നേരത്തിനു പകരം ഉച്ചയ്ക്കുതന്നെ മാറുമായിരുന്നു. അതുപോലെ തന്നെ ഏലിയാവും, തനിക്ക് അപ്പവും വെള്ളവും കൊടുത്തത് ദൈവമാണെന്ന് അറിഞ്ഞിരുന്നുവെങ്കിൽ അവന്റെ മനോവിഷമം നേരത്തെ തന്നെ മാറുമായിരുന്നു. അവന്റെ ഭയം കാരണം, അവന്റെ അകകണ്ണുകൾ മറയ്ക്കപ്പെട്ടിരിക്കുന്നു.

**നമ്മുടെ ചുറ്റിലും ഉള്ള ആവശ്യക്കാരായ ജനങ്ങളെ സന്ദർശിക്കുമ്പോൾ ദൈവത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നവരായി നാം മാറുന്നു.**

ദൈവം ഒരു മനുഷ്യനെ സഹായിക്കുവാനായി ശ്രമിക്കുമ്പോൾ, തന്നെത്തന്നെ മറച്ചുകൊണ്ട് സാധുക്കളുടെ രൂപത്തിൽ തന്നെ വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. "എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥി ആയിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു" (മത്താ. 26:35–36). അപ്പോൾ ദൈവം തന്റെ വലതുഭാഗത്തു നിൽക്കുന്നത് നോക്കി നീതിമാന്മാർ, കർത്താവേ ഇതെല്ലാം ഞങ്ങൾ എപ്പോൾ ചെയ്തു എന്നു ചോദിക്കുമ്പോൾ യേശുക്രിസ്തുവിന്റെ മറുപടി. എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു ചെയ്തടത്തോളം എന്നു പറയുന്നത് ആഴത്തിൽ

ചിന്തിച്ചു. ആരാലും ശ്രദ്ധിക്കപ്പെടാതെ കിടക്കുന്ന ഈ മനുഷ്യസമൂഹത്തിലുള്ള ഓരോരുത്തരെയും സഹായിച്ചത്, എന്നെ സഹായിച്ചതാണെന്ന് സത്യമായും ഞാൻ നിങ്ങളോടു പറയുന്നു. നമ്മുടെ ചുറ്റിലുമുള്ള ജനങ്ങളുടെ ആവശ്യങ്ങളെ നാം അറിഞ്ഞു പ്രവർത്തിമ്പോൾ നമ്മുടെ ദൈവത്തിന്റെ ആഗ്രഹങ്ങളെ പൂർത്തീകരിക്കുന്നതായി നമുക്കു കാണാം. ഇതു വായിക്കുന്ന നിങ്ങൾ മനോദുഃഖത്തോടെ ആയിരിക്കുന്നുവെങ്കിൽ നിങ്ങളുടെ മനഃദുഖത്തെ മാറ്റുവാൻ ദൈവം തന്നെ നിങ്ങളെ തേടി വരുന്നുണ്ട്. ഇത് ലേഖനം വായിച്ചശേഷം നിങ്ങൾ ഒരു തീരുമാനം എടുക്കുവിൻ.

**"എന്റെ ആത്മാവേ, നീ വിഷാദിച്ച് ഉള്ളിൽ ഞരങ്ങുന്നത് എന്ത്"? ദൈവത്തിൽ പ്രത്യാശ വെക്കുക; അവൻ എന്റെ മുഖപ്രകാശക രക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും"** (സങ്കീ. 42:11).

**3. ശമര്യാസ്ത്രീ**

"സ്ത്രീ അവനോട്: **മശീഹാ – എന്നുവച്ചാൽ ക്രിസ്തു – വരുന്നു എന്നു ഞാൻ അറിയുന്നു; അവൻ വരുമ്പോൾ സകലവും അറിയിച്ചു തരും** എന്നു പറഞ്ഞു; യേശു അവളോട് : **നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെ മശിഹ** എന്നു പറഞ്ഞു" (യോഹ. 4:25–26). ആ ശമര്യാ സ്ത്രീ ഒരു സാധാരണ സ്ത്രീ മാത്രമായിരുന്നില്ല. അവൾക്ക് അഞ്ച് ഭർത്താക്കന്മാർ ഉണ്ടായിരുന്നു. ഏകദേശം ഒരു വേശ്യാജീവിതമായിരുന്നു അവളുടേത്. ഈ വിഷയങ്ങളെ യേശു നേരത്തെ അറിഞ്ഞു എങ്കിലും, ഇങ്ങനെയുള്ള ആ സ്ത്രീയെ സന്ദർശിക്കുവാൻ വേണ്ടിയാണ് യേശു ശമര്യായിൽ കൂടെ പോയത്. ഇതല്ലാതെ യേശു ശമര്യയിൽ പോകേണ്ട ആവശ്യം ഇല്ലാ എന്നത് നാം മനസ്സിലാക്കേണ്ട കാര്യമാണ്. നമ്മുടെ ജീവിതത്തിൽ ഇങ്ങനെ പല സംഭവങ്ങളും ഉണ്ടാകാറുണ്ട്. ഇത് വായിക്കുന്ന നിങ്ങളും ഈ മാസികയിലുള്ള പ്രത്യേക സന്ദേശങ്ങളെ വായിക്കണമെന്ന് ആഗ്രഹിച്ചില്ല. പക്ഷേ ഇപ്പോൾ നിങ്ങൾ വായിച്ചു കൊണ്ടിരിക്കുന്നു. ഈ ശമര്യാസ്ത്രീയുടെ ജീവിതം ഒരു കയ്പായ അനുഭവം തന്നെയാണ്. അവൾ ശിംശോനെപ്പോലെ തോൽവി ജീവിതത്തിൽ അനുഭവിച്ചവളാണ്. കുടുംബത്തിൽ ആരോടും ബന്ധമില്ലാത്ത ഒരു ജീവിതമാണ് അവൾ ജീവിച്ചു കൊണ്ടിരുന്ന അവൾക്ക് അങ്ങനെ ജീവിക്കേണ്ട ഒരു ആവശ്യവും ജീവിതത്തിൽ ഇല്ല. ഈ ലോകത്തിൽ നമ്മുടെ ചുറ്റിലും ഉള്ള ബന്ധങ്ങൾ വളരെ ആവശ്യമാണ്. ഭർത്താവ്, ഭാര്യ, അപ്പൻ, അമ്മ, സഹോദരൻ,

സഹോദരി തുടങ്ങിയ ബന്ധങ്ങൾ ഉള്ളതുകൊണ്ടാണ് നമ്മുടെ സമുദായം വളരെ നന്നായി ചലിച്ചുകൊണ്ടിരിക്കുന്നത്. ഒരു വ്യക്തി തെറ്റായ രീതിയിൽ ജീവിക്കുകയാണെങ്കിൽ അവനെ ശരിയായ ദിശയിൽ കൊണ്ടുവരുവാൻ ഈ ബന്ധങ്ങൾ വളരെ ഉപകാരം ആയിരിക്കും. ഈ ശമര്യാസ്ത്രീയുടെ പൂർണ്ണവിവരമൊന്നും നമുക്ക് നൽകിയിട്ടില്ല. പക്ഷേ, സമൂഹത്തിൽ അവളെ ഒറ്റപ്പെടുത്തിയവളായി നാം ഇവിടെ മനസ്സിലാക്കുന്നു. ഇങ്ങനെ പറയാനുള്ള കാരണം, അവൾ ഉച്ചയ്ക്ക് പന്ത്രണ്ടു മണിക്ക് വെള്ളം കോരാൻ വന്നു എന്നതുകൊണ്ടാണ്.

ഈ സ്ത്രീ തന്റെ കുടുംബജീവിതത്തിൽ പരിപൂർണ്ണ പരാജയം ആയിരുന്നു എങ്കിലും, അവളുടെ ആത്മീക ജ്ഞാനം വളരെ മൂർച്ചയുള്ള തായിരുന്നു. അത് നാം പുകഴ്ത്തി പറയേണ്ടതാകുന്നു. കാരണം, അവൾ യേശുവിന്റെ അടയാളം കാണുവാൻ കഴിഞ്ഞില്ലായെങ്കിലും വരുവാനുള്ള മശീഹയെക്കുറിച്ച് യഹൂദന്മാരെക്കാളും അവൾക്ക് അറിവ് ഉണ്ടായിരുന്നു. ഇത് വളരെ ആശ്ചര്യകരമായ കാര്യം തന്നെയാണ്. കാരണം, അവളും യേശുവും തമ്മിൽ കണ്ടുമുട്ടിയ ആ കിണർ യാക്കോബിന്റെ സ്വന്തമായിരുന്നു എന്ന് അവൾ അറിഞ്ഞിരുന്നു. രണ്ടാമത്, മശിഹാ വരുമ്പോൾ ഇവകളെക്കുറിച്ച് ഞങ്ങൾക്ക് വിവരിച്ചു തരും എന്ന് അവൾ പറഞ്ഞു. അതുകൊണ്ട് അവളും മശിഹായുടെ വരവിനായി കാത്തിരുന്നു എന്ന് വെളിപ്പെടുന്നു. അതെ, അവൾക്ക് സൗന്ദര്യം ഉണ്ടായിരുന്നു, ജ്ഞാനം ഉണ്ടായിരുന്നു എങ്കിലും ജീവിതത്തിൽ അവൾക്ക് സമാധാനം ഉണ്ടായിരുന്നില്ല. ഈ ലോകത്തിലെ ലൗകീക സന്തോഷം, ജഡത്തിന്റെ സുഖങ്ങൾ ഒന്നിനും അവൾക്ക് സന്തോഷം കൊടുക്കുവാൻ സാധിച്ചില്ല. ഒന്നിലും അവൾക്ക് തൃപ്തി ഉണ്ടായില്ല. അങ്ങനെയുള്ള ഈ ശമര്യാസ്ത്രീയെ സന്ദർശിച്ച് അവൾക്ക് ജീവജലം നൽകുവാൻ വേണ്ടി യേശു അവളെ തേടി വന്നു. അവൾക്ക് ആ ജീവ ജലത്തെ നൽകി. താൻ കണ്ടുമുട്ടിയ വ്യക്തി തന്നെയാണ് മശിഹ എന്നു തിരിച്ചറിഞ്ഞ ആ ശമര്യസ്ത്രീ താൻ വന്ന കാര്യം തന്നെ മറന്നുകൊണ്ട്. കുടം അവിടെ തന്നെ വച്ചിട്ട്, അവളുടെ ഗ്രാമത്തിലേക്ക് ഓടിപ്പോയി. അവളുടെ മുഖത്തിൽ പ്രകാശം ഉണ്ടായി. ഒരിക്കലും ഉണ്ടാകാത്ത സന്തോഷം ഉണ്ടായി. വെള്ളം കോരാനായി കടന്നു വന്നവൾ കുടത്തെ ഉപേക്ഷിച്ച്, രക്ഷയുടെ അനുഭവത്തെ കുടം കുടമായി ചുമന്നുകൊണ്ട് സന്തോഷത്തോടെ മടങ്ങിപ്പോയി. ഒരിക്കലും തീരാത്ത അവളുടെ ദാഹം എന്നേയ്ക്കുമായി തീർക്കപ്പെട്ടു.

**സാധാരണസംഭവങ്ങൾക്ക് അസാധാരണ ദർശനങ്ങളെ ഉണ്ടാക്കുവാൻ സാധിക്കും**

ഇതു വായിക്കുന്ന നിങ്ങളുടെയും ദാഹത്തെ തീർക്കുവാൻ യേശു ഇഷ്ടപ്പെടുന്നു. നിന്റെ ജീവിതത്തിൽ നീ ഒറ്റപ്പെട്ടു എന്നു നീ ചിന്തിക്കുന്നുവോ? പല തോൽവികളും നിന്റെ ജീവിതത്തിൽ സന്ദർശിച്ചിരിക്കാം. ഈ സ്ത്രീയോട് യേശു പെട്ടെന്ന് അവളുടെ രഹസ്യ ജീവിതത്തെക്കുറിച്ച് ചോദിക്കുന്നു. അതുപോലെ ദുഃഖിതരായ നിങ്ങളെ നോക്കി, നിങ്ങളുടെ രഹസ്യജീവിതത്തെക്കുറിച്ചും വ്യക്തി ജീവിതത്തിലെ രഹസ്യങ്ങളെക്കുറിച്ചും അവൻ ചോദിക്കും. നിനക്ക് ശാശ്വതമായ സന്തോഷം നൽകുവാൻ വേണ്ടിയാണ് ചോദിക്കുന്നത്. നിന്റെ രഹസ്യപാപത്തെ ഏറ്റുപറയാതെ നിനക്ക് ജീവജലം നൽകുവാൻ സാധ്യമല്ല. നീ മനസു തുറന്ന് യേശുവിനോട് സംസാരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട്: **ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചുപറഞ്ഞു"** (യോഹ. 7:37–38).

**4. ഹോരേബ് പർവ്വതത്തിൽ കത്തിയെരിയുന്ന മുൾപ്പടർപ്പി നരികിൽ നിന്ന മോശെ**

മുൾപ്പടർപ്പ് അഗ്നിജ്വാലയാൽ പ്രകാശിച്ച് എരിഞ്ഞിട്ടും അത് കരിഞ്ഞില്ല. അപ്പോൾ മോശെ, ഇതെന്ത് അത്ഭുതം എന്നുപറഞ്ഞ് അടുത്തുവന്നു (പുറ. 3:2–4). 40 വർഷത്തെ ഇടവേളയ്ക്കുശേഷം ദൈവം മോശെയോടു നേരിട്ടു സംസാരിച്ചു. അവന്റെ ശ്രദ്ധയെ ആകർഷിക്കുവാൻ ദൈവം മുൾപ്പടർപ്പിൽ ഒരു അഗ്നിയെ ഇറക്കി. കാഴ്ച കാണുന്നത് മനുഷ്യന്റെ സ്വഭാവമാണ്. ഈ ലോകത്തിൽ നടക്കുന്ന പല സംഭവങ്ങളെയും നമ്മുടെ ജീവിതത്തിൽ നാം കാണുന്നു. അതുപോലെ തന്നെ ഇവിടെയും മോശെ കാഴ്ച കാണേണ്ടതിനായി മുൾച്ചെടിയുടെ അടുക്കലേക്കു വന്നു. പക്ഷേ, ആ കാഴ്ചയുടെ നടുവിൽ ദൈവം ഉണ്ടായിരുന്നത് അവനെ ഞെട്ടിപ്പിച്ചു. ദൈവം അവനോട് സംസാരിച്ച് ഒരു വലിയ ചുമതല അവനെ ഏല്പിച്ചു. അടുത്ത 40 വർഷക്കാലം അവൻ എന്തു ചെയ്യണം? യിസ്രായേൽ ജനതയെ ഈജിപ്തിലെ ഫറവോന്റെ അടിമത്തത്തിൽ നിന്നും എങ്ങനെ

വിടുവിക്കണം? എന്നുള്ള പദ്ധതികളെ അന്ന് ദൈവം അവന് വെളിപ്പെടുത്തി. ഇത് വായിക്കുന്ന നമ്മുടെ ജീവിതത്തിലും വീഥികളിൽ പോകുമ്പോൾ അവിടെയുള്ള കാഴ്ചകളിലൂടെ നിങ്ങളെയും എന്നെയും ദൈവത്തിന് വിളിക്കുവാൻ സാധിക്കും. ലോക ചരിത്രത്തേയും സഭാചരിത്രത്തെയും നാം വായിച്ചുനോക്കിയാൽ അവിടെ ചെറിയ സംഭവങ്ങളിലൂടെ വലിയ ദർശനങ്ങൾ ലഭിച്ച് ദൈവവേല ചെയ്തിരിക്കുന്നത് കാണാം. ഒരു പഴം മരത്തിൽ നിന്നും താഴെ വീണതു കണ്ട ഐസക് ന്യൂട്ടൺ ഭൂമിയുടെ ആകർഷണശക്തിയെ കണ്ടുപിടിച്ചു. ഒരു സാധാരണ ശവത്തെ അടക്കം ചെയ്യുവാൻ എടുത്തു കൊണ്ടു പോയതുകണ്ട കപിലവസ്തു എന്ന രാജകുമാരൻ ബോധവൃക്ഷ തണലിൽ ഇരുന്നു ധ്യാനിച്ച് ബുദ്ധമതം സ്ഥാപിച്ചു. ഒരു വീഥിയിൽ അനാഥമായി കിടന്ന ഒരു പെൺകുട്ടിയെ കണ്ട ബോബ് പിയേഴ്സ് എന്ന യുവാവ് 'വേൾഡ് വിഷൻ' എന്ന വലിയ സ്ഥാപത്തെ സ്ഥാപിച്ചു. സാധാരണ സംഭവങ്ങൾ ചിലപ്പോൾ അസാധാരണ ദർശനങ്ങളെ ഉണ്ടാക്കുവാൻ സാധിക്കും. കണ്ണുള്ളവൻ കാണട്ടെ. നിങ്ങളെയും ദൈവം തന്റെ വേലയ്ക്കായി, മിഷണറിയായി പോകുവാൻ ക്ഷണിക്കുന്നു.

'ആരെ ഞാൻ അയയ്ക്കും? ആർ എനിക്കുവേണ്ടി പോകും' എന്ന ദൈവത്തിന്റെ വിളി കേട്ട ഏശയ്യാ പ്രവാചകൻ, അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ എന്നു പറഞ്ഞു (യെശ. 6:8).

**5. ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെ സന്ദർശിച്ച മറിയ**

യേശുവിന്റെ കല്ലറയ്ക്കടുത്തു വന്ന മറിയ, യേശുവിന്റെ ശരീരത്തെ ആരോ എടുത്തുകൊണ്ടുപോയി എന്നുപറഞ്ഞ് കല്ലറയ്ക്കരികിൽ കരഞ്ഞുകൊണ്ടിരുന്നു. മറിയ നോക്കിയപ്പോൾ യേശു നിൽക്കുന്നതു കണ്ടു. എങ്കിലും അത് യേശു ആണെന്ന് അവൾ അറിയാതിരുന്നു (യോഹ. 20:13–14).

യേശു തിരഞ്ഞെടുത്ത 12 ശിഷ്യന്മാരിൽ ഒരു സ്ത്രീ പോലും ഇല്ലായിരുന്നു. ഇതിനുകാരണം എന്താണെന്ന് അറിയില്ല. അതേസമയം അനേകം സ്ത്രീകൾ യേശുവിന്റെ ശിഷ്യഗണത്തിൽ ഉണ്ടായിരുന്നു. അവരിൽ ഒരാളാണ് മറിയ. വളരെ വിശേഷതയുള്ളവൾ. പണസൗകര്യം ലഭിച്ചവളാണ്. യേശുക്രിസ്തുവിനോടൊപ്പം പലപ്പോഴും സഞ്ചരിച്ചവൾ. പല ശിഷ്യന്മാരുടേയും താമസസൗകര്യവും ആഹാരവും ക്രമീകരിച്ച ത്യാഗിയായ ഒരു സ്ത്രീ ആയിരുന്നു മറിയ.

യേശുക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ കുരിശിനരികിൽ അവസാനം വരെ നിന്നവളും ഈ മറിയ ആണ് Last at the cross and first at the tomb. ഈ മറിയയിൽ നിന്നുമാണ് 7 ഭൂതങ്ങളെ പുറത്താക്കിയത്. അതിനാൽ അതിന്റെ നന്ദിയായിട്ടാണ് അവൾ യേശുവിനുവേണ്ടി പല ത്യാഗങ്ങളും സഹിച്ചത്.

പക്ഷേ, ഇവളും യേശുക്രിസ്തുവിനെ തിരിച്ചറിയാനാകാതെ വിഷമിച്ചു. കാരണമെന്ത്? യേശു അറസ്റ്റ് ചെയ്യപ്പെട്ടതും, യേശുവിനെ ഉപദ്രവിച്ചതും അവസാനം ക്രൂശിൽ തറയ്ക്കപ്പെട്ടതുമെല്ലാം കണ്ട് അവളുടെ മാനസികനില തെറ്റിയതാകാം. ദുഃഖം കണ്ണുനീർ വരുത്തും. ആ കണ്ണുനീർ നമ്മുടെ കണ്ണുകളെ മറെയ്ക്കും.

ഇതു വായിക്കുന്ന നിങ്ങളുടെ ജീവിതത്തിലും, നിങ്ങളുടെ കുടുംബത്തിൽ ഉണ്ടായ മരണം നിങ്ങളെ കൂടുതൽ ബാധിച്ചിരിക്കും. ചില ദുഃഖകരമായ സംഭവങ്ങൾ നിങ്ങളുടെ ജീവിതത്തെ തലകീഴായി മറിച്ചിരിക്കാം. നിങ്ങൾ അപ്പോൾ കണ്ണുകലങ്ങിക്കൊണ്ട് നിന്നിരിക്കാം. അതുകൊണ്ടാണ് നിങ്ങളുടെ മുന്നിൽ നിൽക്കുന്ന യേശുവിനെ കാണാതെ നിൽക്കുന്നത്. മറിയയേ എന്നു പേര് പറഞ്ഞ് യേശു വിളിച്ചപ്പോൾ, ഉടനെതന്നെ മറിയ റബ്ബൂനി എന്ന് സന്തോഷത്തോടെ മറുപടി കൊടുത്തു. എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്ന എന്ന വചനം ഓർമ്മ വരുന്നു.

ഇതു വായിക്കുന്ന നിങ്ങളെയും യേശു പേർ പറഞ്ഞ് വിളിക്കുന്നു. അതിന് നിങ്ങളും യേശുവേ എന്നു മറുപടി പറയുമോ?

ദുഃഖാർത്തനായിരുന്ന മാർട്ടിൻ ലൂഥറെ അവന്റെ ഭാര്യ കണ്ടു. യേശു ജീവനോടെയില്ല എന്നു അവൾ പറഞ്ഞു. ദേഷ്യപ്പെട്ട മാർട്ടിൻ ലൂഥർ, യേശു ജീവിക്കുന്നു എന്നു മറുപടി പറഞ്ഞു. എന്നാൽ അവൾ, നിങ്ങളുടെ മുഖം ദുഃഖമയമായിട്ടിരിക്കുന്നു, അതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത് എന്നു പറഞ്ഞു. അപ്പോൾ മാർട്ടിൻ ലൂഥർ തന്റെ തെറ്റ് മനസ്സിലാക്കി. ഇതു വായിക്കുന്ന നിങ്ങളും, നിങ്ങളുടെ മുഖത്തെ കണ്ണാടിയിൽ നോക്കി, യേശു ജീവിച്ചിരിക്കുന്നുവോ എന്നു ചിന്തിച്ചു നോക്കുവിൻ.

**"അവൻ വഴിയിൽ നമ്മോടു സംസാരിച്ചു തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടി രുന്നില്ലയോ എന്നു അവർ തമ്മിൽ പറഞ്ഞു"** (ലൂക്കോസ് 24:32).

**Delight yourself in the LORD,**

and he will give you the desires of your heart.

**Commit your way to the LORD;**

trust in him, and he will act

**Psalm 37:4,5**

**OCTOBER 2024**

Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press, 168, Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.